**കേരള സർക്കാർ**

**ധനകാര്യ (ഐ.ടി സോഫ്റ്റ് വെയർ) വകുപ്പ്**

**നമ്പർ. 289438/ഐ.ടി.എസ്.എഫ്-1/8/2016/ധന** **തിരുവനന്തപുരം,തീയതി.23.08.2016**

ഇ മെയിൽ: info.fin@kerala.gov.in

ഫോൺ: 0471-2305851

**<u>സർക്കുലർ</u>**

വിഷയം:- മന്ത്രിസഭാ തീരുമാനങ്ങൾ-വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് -സംബന്ധിച്ച്

സൂചന:- ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരുമായി 30.07.2016 ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

മന്ത്രിസഭാ തീരുമാനങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകളും/സർക്കുലറുകളും അത് സംബന്ധിച്ച കുറിപ്പ്, മിനിറ്റ്സ് എന്നിവ സഹിതം ഉത്തരവ് പുറപ്പെടുവിക്കുന്ന ദിവസം തന്നെ സർക്കാർ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കണമെന്ന് സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളും തങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മന്ത്രിസഭാ തീരുമാനങ്ങൾ പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളും/സർക്കുലറുകളും അത് സംബന്ധിച്ച കുറിപ്പ്, മിനിറ്റ്സ് എന്നിവ സഹിതം ഉത്തരവ് പുറപ്പെടുവിക്കുന്ന ദിവസം തന്നെ നേരിട്ടോ, അല്ലെങ്കിൽ സ്കാൻ ചെയ്ത് പി.ഡി.എഫ് രൂപത്തിൽ info.fin@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത രേഖകൾ ഉത്തരവ് പുറപ്പെടുവിക്കുന്ന ദിവസം തന്നെ പ്രസിദ്ധീകരണത്തിന് ലഭ്യമാക്കേണ്ടത് സെക്ഷൻ ഓഫീസർ മുതലുള്ള മേലുദ്യോഗസ്ഥർ അവരുടെ അതിപ്രധാന ഉത്തരവാദിത്തമായി കാണേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

**സാനു. എം. ബി**

**ജോയിന്റ് സെക്രട്ടറി**

**ധനകാര്യ വകുപ്പ്**

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

വെബ്& ന്യൂ മീഡിയ,പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ